**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4579** **13-03-2023 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ സൈബർശ്രീ പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിലെ സൈബർശ്രീ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | ഹരിപ്പാട് മണ്ഡലത്തിലെ സൈബർശ്രീ എന്ന സ്ഥാപനത്തിന് 4 ബാച്ചുകളിലായി 60 കുട്ടികളെ പരിശീലിപ്പിക്കുന്നതിന് 59,48,300/-രൂപയുടെ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും 39 പേർക്ക് മാത്രമേ പരിശീലനം നൽകിയിരുന്നുള്ളു. 21 വിദ്യാർത്ഥികൾക്ക് കൂടി പരിശീലനം നൽകുന്നതിനായി ടി ഉത്തരവ് റീവാലിഡേറ്റ് ചെയ്ത് നൽകുന്നതിനായി പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത കോഴ്സുകളുടെ ആവശ്യകത, പ്രയോജനം, പ്ലെയ്സ്മെന്റ് ഉറപ്പാക്കൽ എന്നിവ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പുതിയ തൊഴിൽ സാഹചര്യങ്ങൾക്കും സാധ്യതകൾക്കും അനുസൃതമായി സൈബർശ്രീ പ്രോജക്ടുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | പുതിയ തൊഴിൽ സാഹചര്യങ്ങൾക്കും സാധ്യതകൾക്കും അനുസൃതമായി സൈബർശ്രീ പ്രോജക്ടുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനായി, കോഴ്സുകളുടെ പ്രയോജനത്തെപ്പറ്റിയും ആവശ്യകതയെക്കുറിച്ചും വ്യക്തമായി പഠിച്ച്, കോഴ്സ് ഫീസ്, മറ്റ് ചെലവുകൾ എന്നിവയടങ്ങുന്ന പ്രോജക്ട് തുകയുടെ വിശദ വിവരങ്ങൾ സംബന്ധിച്ചും, പ്ലെയ്സ്മെന്റ് ഉറപ്പാക്കുന്നത് സംബന്ധിച്ചുമുള്ള വിവരങ്ങൾ വ്യക്തമാക്കിയിട്ടുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ